ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് തുടക്കം; 2024-25 സാമ്പത്തിക വർഷം ഇന്ത്യയുടെ യഥാർത്ഥ ജി ഡി പി ഏഴ് ശതമാനം വരെ വളരുമെന്ന് സാമ്പത്തിക സർവ്വേ റിപ്പോർട്ട്.
   Budget session of Parliament begins; GDP growth projected at 6.5-7 percent in Economic Survey.

2. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. വികസിത ഭാരതം എന്ന ദൗത്യത്തിലേക്കുള്ള ശക്തമായ അടിത്തറയായിരിക്കും ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
   Finance Minister to present union budget tomorrow in loksabha. Prime Minister Narendra Modi says the Budget will set strong foundation for 'Viksit Bharat'.

3. കേരളത്തിൽ നിപ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. സമ്പർക്കപ്പട്ടികയിലുള്ള 9 പേരുടെ പരിശോധനാഫലം നെഗറ്റീവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.
   Health Department tightens Nipah alert in Kerala. Health Minister Veena George said that the test results of 9 people in the contact list were negative.

4. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തെരച്ചിൽ ഇന്നും വിഫലം; ഗംഗാവലി നദി കേന്ദ്രീകരിച്ചുള്ള തിരച്ചിൽ നാളെ പുനഃരാരംഭിക്കും.

The search for Arjun, a native of Kozhikode, who went missing in a landslide in Shirur, Karnataka, has been unsuccessful today; The search in Gangavali river will resume tomorrow.

5. ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാകപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ തായ്‌ലൻറിന് ബാറ്റിംഗ്. ആദ്യ മത്സരത്തിൽ മലേഷ്യയ്ക്കെതിരെ ശ്രീലങ്കയ്ക്ക് 144 റൺ ജയം.

In Asia Cup Women's T20 Cricket, Thailand chose to bat against Bangladesh. in the first match, Sri Lanka defeated Malaysia by 144 runs.

***************************

## PARLIAMENT- MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമായി. കേന്ദ്ര ബജറ്റ് 2024 ധനമന്ത്രി നിർമല സീതാരാമൻ നാളെ രാവിലെ 11 മണിക്ക് ലോക്സഭയിൽ അവതരിപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റാണിത്. സമ്മേളന കാലയളവിൽ, ആറ് പുതിയ ബില്ലുകൾ സർക്കാർ അവതരിപ്പിക്കും. അടുത്ത മാസം 12 വരെയാണ് സഭ സമ്മേളിക്കുന്നത്.

***************************

## REV. ECONOMIC SURVEY (INTRO)

ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി തുടരുകയാണെന്ന് 2023-2024 വർഷത്തെ സാമ്പത്തിക

സർവേ റിപ്പോർട്ട്. ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ദിനം ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൻറെ മേശപ്പുറത്ത് വെച്ച റിപ്പോർട്ടിൽ, ആഗോള പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആഭ്യന്തര വളർച്ച രാജ്യത്തെ സാമ്പത്തിക നില മെച്ചപ്പെടുത്തിയതായി പറയുന്നു. വിശദാംശങ്ങളിലേക്ക്.......

(ഹോൾഡ് വോയ്സ്)

2024-25 സാമ്പത്തിക വർഷം ഇന്ത്യയുടെ യഥാർത്ഥ ജി ഡി പി ഏഴ് ശതമാനം വരെ വളരുമെന്ന് സാമ്പത്തിക സർവ്വേ റിപ്പോർട്ട് സമർപ്പിക്കവെ ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു.

(FM - VOICE)

ചരക്ക് സേവന നികുതി, പാപ്പർ നിയമ സംഹിത അഥവാ ഇൻസോൾവൻസി ആൻറ് ബാങ്ക്റപ്സി കോഡ് എന്നിവയിലെ പരിഷ്കരണം സാമ്പത്തിക മേഖലയ്ക്ക് ഗുണകരമാകുന്നുണ്ട്. 2025 സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പം 4.5 ശതമാനമായിരിക്കുമെന്നാണ് RBI കരുതുന്നത്. 2026 സാമ്പത്തിക വർഷത്തിൽ ഇത് 4.1 ശതമാനമായി താഴുമെന്നും റിസർവ് ബാങ്ക് കണക്കു കൂട്ടുന്നതായി സർവേയിൽ പറയുന്നു. രാജ്യത്തെ പണപ്പെരുപ്പം 2024 സാമ്പത്തിക വർഷത്തിൽ 4.6 ശതമാനവും 2025 ൽ 4.2 ശതമാനവുമായിരിക്കുമെന്നാണ് അന്താരാഷ്ട്ര നാണ്യ നിധിയുടെ പ്രവചനം. 2020 സാമ്പത്തിക വർഷത്തെക്കാൾ യഥാർത്ഥ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ഈ സാമ്പത്തിക വർഷം 20 ശതമാനം വളർച്ച ഉണ്ടായിട്ടുണ്ട്. തൊഴിലില്ലായ്മ, ബഹുമുഖ ദാരിദ്ര്യം എന്നിവയിൽ കുറവുണ്ടായി. തുടർച്ചയായ മൂന്നു വർഷത്തിൽ രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദനം 7 ശതമാനത്തിലെത്തുന്നുണ്ടെന്നും സർവേ സൂചിപ്പിക്കുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

***************************

## ECO SURVEY- OTHERS

രാജ്യത്തെ ദേശീയ പാതകളിൽ ഉപയോക്തൃ സൗകര്യം വർധിപ്പിച്ചതായും റെയിൽ- തുറമുഖ മേഖലകളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിരവധി കാര്യങ്ങൾ ചെയ്തതായും കേന്ദ്ര ധനമന്ത്രി പറഞ്ഞു. ലോകത്തെ മൂന്നാമത്തെ വലിയ ആഭ്യന്തര വ്യോമയാന വിപണിയാണ് ഇന്ത്യ. രാജ്യത്തെ വിമാനത്താവളങ്ങളിൽ എത്തുന്ന മൊത്തം വിമാന യാത്രക്കാരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 15 ശതമാനം വർദ്ധനയുണ്ടായി. 2030-ഓടെ ഇന്ത്യൻ ഇ-കൊമേഴ്സ് വ്യവസായം 350 ശത കോടി ഡോളർ കടക്കുമെന്ന് പ്രതീക്ഷിക്കുന്നതായും സാമ്പത്തിക സർവ്വെ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

***************************

## DR NAGESWARAN

2030 വരെ കാർഷികേതര മേഖലയിൽ 78.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. നാഗേശ്വരൻ. ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2014നെ അപേക്ഷിച്ച് ദേശീയപാതാ നിർമ്മാണത്തിൽ മൂന്നിരട്ടി വേഗതയുണ്ടായതായും അദ്ദേഹം പറഞ്ഞു.

***************************

## PM

വികസിത ഭാരതം എന്ന കേന്ദ്രസർക്കാരിൻറെ ദൗത്യത്തിലേക്കുള്ള ശക്തമായ അടിത്തറയായിരിക്കും ഈ വർഷത്തെ ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻറെ അമൃതകാലത്തിന് വളരെ നിർണായകമാണ് കേന്ദ്ര ബജറ്റെന്നും പ്രധാനമന്ത്രി പറഞ്ഞു. വരുന്ന അഞ്ചു വർഷം എല്ലാ പാർട്ടികളും രാഷ്ട്രീയപ്രവർത്തനങ്ങൾക്കുപരി രാജ്യത്തിൻറെ

വികസനത്തിന് വേണ്ടി സ്വയം സമർപ്പിക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

**************************

## REV. LS-NEET PAPER LEAK

നീറ്റ്-യുജി പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രാജ്യത്ത് ഇതുവരെ ഒരു സംഭവം മാത്രമാണ് റിപ്പോർട്ട് ചെയ്തതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. ലോക്സഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ചോദ്യപേപ്പർ ചോർച്ച സംഭവങ്ങൾ വ്യാപകമായെന്ന പ്രതിപക്ഷ പാർട്ടികളുടെ ആരോപണങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി തള്ളി.

**************************

## LS- UNEMPLOYMENT

രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ ഏതാനും വർഷങ്ങളായി കുറഞ്ഞു വരുന്നതായി കേന്ദ്ര സർക്കാർ. 2021-22ൽ തൊഴിലില്ലായ്മ നിരക്ക് 4.1 ശതമാനമായും 2022-23ൽ 3.2 ശതമാനമായും കുറഞ്ഞതായി പ്രതിവർഷ ലേബർ ഫോഴ്സ് സർവേ സൂചിപ്പിക്കുന്നതായി കേന്ദ്ര സഹമന്ത്രി ശോഭാ കരന്ദ് ലാജെ ലോക്സഭയിൽ അറിയിച്ചു.

**************************

## EVE. RS -LS ADJOURN

ബജറ്റ് സമ്മേളനത്തിൻറെ ആദ്യദിനം നടപടികൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. നാളെ, ലോക്സഭയിൽ പൊതുബജറ്റ് അവതരണം കഴിഞ്ഞ് ഒരു മണിക്കൂറിന് ശേഷം രാജ്യസഭ വീണ്ടും സമ്മേളിക്കും.

**************************

## KARNATAKA SEARCH

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തെരച്ചിൽ ഏഴാം ദിനവും വിഫലം. റഡാർ സിഗ്നൽ പ്രകാരം കരയിൽ തിരച്ചിൽ നടത്തിയെങ്കിലും ലോറി കണ്ടെത്താനായില്ല. വിദഗ്ധരുടെ

നേതൃത്വത്തിൽ ഗംഗാവലി നദി കേന്ദ്രീകരിച്ചാണ് ഇനി തിരച്ചിൽ നടത്തുക.

***************************

## Nipah

കേരളത്തിൽ നിപ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. സമ്പർക്കപ്പട്ടികയിലുള്ള 9 പേരുടെ പരിശോധനാഫലം നെഗറ്റീവാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. സമ്പർക്ക പട്ടികയിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ഉള്ളവരും ഉൾപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

***************************

## Amoebic Meningoencephalitis

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലായിരുന്ന 14 വയസുകാരന് രോഗമുക്തി. കോഴിക്കോട് മേലടി സ്വദേശിയായ കുട്ടിയ്ക്കാണ് രോഗം ഭേദമായത്. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

***************************

## Asia Cup

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ഏഷ്യാ കപ്പ് 20 -20 ക്രിക്കറ്റിൽ തായ്‌ലന്റ് - ബംഗ്ലാദേശ് പോരാട്ടം .

ടോസ് നേടിയ തായ്‌ലൻഡ് ബാറ്റിംഗ് തിരഞ്ഞെടുത്തു . ഇന്ന് നടന്ന ആദ്യ മത്സരത്തിൽ മലേഷ്യയ്ക്കെതിരെ ശ്രീലങ്കയ്ക്ക് 144 റൺസ് ജയം.

***************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഈ മാസം 28ന്. മൻ കി ബാത്തിന്റെ 112 - ാമം പതിപ്പാണിത്. പൊതുജനങ്ങൾക്ക് പരിപാടിയെ കുറിച്ചുള്ള അഭിപ്രായങ്ങളും ആശയങ്ങളും MyGov, NaMo ആപ്പ് വഴിയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

***************************

## POSTAL DEPT - CANCER CARE

തപാൽ വകുപ്പിന്റെ ഇന്ത്യ പോസ്റ്റ് പേയ്മെന്റ്സ് ബാങ്ക് വഴി കുറഞ്ഞ പ്രീമിയം തുകയിൽ ക്യാൻസർ ചികിത്സാ പരിരക്ഷ പദ്ധതി ആരംഭിച്ചു. പരമാവധി മൂന്ന് ലക്ഷം രൂപ വരെയാണ് ക്യാൻസർ ചികിത്സ പരിരക്ഷ. പോളിസി അനുവദിച്ച് 180 ദിവസത്തിന് ശേഷം ക്യാൻസർ പരിരക്ഷ ലഭിക്കും. ഇന്ത്യ പോസ്റ്റ് പേയ്മെന്റ്സ് ബാങ്ക് സേവിംഗ്സ് അക്കൗണ്ടുള്ള 18 മുതൽ 50 വയസ്സ് വരെ പ്രായമുള്ളവർക്ക് പദ്ധതിയിൽ ചേരാനാകും.

****************************

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 103 പോയിന്റ് താഴ്ന്ന് 80,502 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 22 പോയിന്റ് താഴ്ന്ന് 24,509 ലും വ്യാപാരം അവസാനിപ്പിച്ചു .

****************************

## SC-KANWAR YATRA

കാവഡ് തീർത്ഥാടന പാതയിലുള്ള കട ഉടമകളുടെ പേര് പ്രസിദ്ധപ്പെടുത്തണമെന്ന ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് സർക്കാരുകളുടെ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. വിഷയത്തിൽ വെള്ളിയാഴ്ചയ്ക്കകം പ്രതികരണം അറിയിക്കാൻ ഇരു സംസ്ഥാനങ്ങളോടും കോടതി ആവശ്യപ്പെട്ടു. എന്നാൽ എന്ത് തരം ഭക്ഷണമാണ് നൽകുന്നതെന്ന് വ്യക്തമാക്കണമെന്നും കോടതി നിർദേശിച്ചു.

****************************

## Rain-Kerala

കേരളത്തിൽ വ്യാഴാഴ്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വടക്കൻ ജില്ലകളായ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.

കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

**************************

## HOME - PADMA AWARD

പരമോന്നത സിവിലിയൻ ബഹുമതികളിലൊന്നായ പത്മ പുരസ്കാരങ്ങൾക്ക് സെപ്റ്റംബർ 15 വരെ നാമനിർദേശം സമർപ്പിക്കാം. 2025 ലെ പത്മ അവാർഡുകൾക്കുള്ള നാമനിർദ്ദേശങ്ങളും ശുപാർശകളും രാഷ്ട്രീയ പുരസ്കാർ പോർട്ടലിൽ ഓൺലൈനായി സ്വീകരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ തുടങ്ങിയ പത്മ പുരസ്കാരങ്ങൾ രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരങ്ങളിൽ ഒന്നാണ്. 1954-ൽ ആരംഭിച്ച പത്മ പുരസ്കാരങ്ങൾ എല്ലാ വർഷവും റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചാണ് പ്രഖ്യാപിക്കുന്നത്. കല, സാഹിത്യം, വിദ്യാഭ്യാസം, കായികം, വൈദ്യം, സാമൂഹിക പ്രവർത്തനം, ശാസ്ത്രം, എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം എന്നീ മേഖലകളിലെ വിശിഷ്ടവും അസാധാരണവുമായ നേട്ടങ്ങൾക്കാണ് പുരസ്കാരം നൽകുന്നത്. ഡോക്ടർമാരും ശാസ്ത്രജ്ഞരും ഒഴികെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ പത്മ അവാർഡിന് അർഹരല്ല.

**************************

*******************

********